**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1508** **03-02-2026 - ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിലെ തൊഴിൽ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പിന് കീഴിൽ പുനലൂർ മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷം ഭവനം പദ്ധതിക്കായി ലേബർ കമ്മീഷണർക്ക് അനുവദിച്ച 28 ലക്ഷം രൂപയിൽ നിന്നും 24 ലക്ഷം രൂപ വിനിയോഗിച്ച് പുനലൂർ കുളത്തൂപ്പുഴയിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ എസ്റ്റേറ്റിൽ സർക്കാർ അംഗീകൃത ഏജൻസിയായ സെന്റർ ഓഫ് സയൻസ് ആന്റ് ടെക്നോളജി ഫോർ റൂറൽ ഡെവലപ്പ്മെന്റ് (COSTFORD) മുഖേന 3 ഇരട്ട ഭവനങ്ങൾ (6 വീടുകൾ) നിർമ്മാണം പൂർത്തിയാക്കി 2021 സെപ്റ്റംബർ മാസത്തിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്.<br><br>അതോടൊപ്പം എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിയിട്ടുള്ള ശരണ്യ പദ്ധതി, കൈവല്യ പദ്ധതി, കെസ്റ്റു പദ്ധതി, നവജീവൻ പദ്ധതി എന്നീ പദ്ധതികളുടെ നടത്തിപ്പിനായി പുനലൂർ എംപ്ലോയ്മെന്റ് ഓഫീസിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങളും, പദ്ധതി വഴി അനുവദിച്ച ഗുണഭോക്താക്കളുടെ വിവരവും വായ്പാ തുകയും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണ്ഡലത്തിലെ തോട്ടം മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചെലവഴിച്ച തുക സഹിതം ലഭ്യമാക്കാമോ? | (ബി) | 2020-21 സാമ്പത്തിക വർഷം ഭവനം പദ്ധതിക്കായി സർക്കാർ അനുവദിച്ച 28ലക്ഷം രൂപയിൽ നിന്നും 24 ലക്ഷം രൂപ വിനിയോഗിച്ച് പുനലൂർ കുളത്തൂപ്പുഴയിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ എസ്റ്റേറ്റിൽ സർക്കാർ അംഗീകൃത ഏജൻസിയായ സെന്റർ ഓഫ് സയൻസ് ആന്റ് ടെക്നോളജി ഫോർ റൂറൽ ഡെവലപ്പ്മെന്റ് (COSTFORD) മുഖേന 3 ഇരട്ട ഭവനങ്ങൾ (6 വീടുകൾ) നിർമ്മാണം പൂർത്തിയാക്കി 2021 സെപ്റ്റംബർ മാസത്തിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | വായ്പാ തുക | സബ്സിഡി തുക | പദ്ധതി നിർവഹണ ഏജൻസി |
|---|---|---|---|---|
| ശരണ്യ പദ്ധതി | 404 | 1,92,20,000/- | 96,10,000/- | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) |
| കൈവല്യ പദ്ധതി | 28 | 14,00,000/- | 7,00,000/- | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) |
| കെസ്റ്റു പദ്ധതി | 9 | 4,50,000/- | 1,12,500/- | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) |
| നവജീവൻ പദ്ധതി | 10 | 10,00,000/- | 2,00,000/- | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) |

സെക്ഷൻ ഓഫീസർ